QP CODE: 23003163

23003163

Reg No : .....................

Name : .....................

# M A DEGREE (CSS) EXAMINATION, APRIL 2023

## First Semester

M A MALAYALAM

## CORE - ML010104 - SAHITHYARACHANASANKETHANGAL

2019 ADMISSION ONWARDS

9A3FA170

Time: 3 Hours

Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. ഹൈക്കുവിന്റെ സാങ്കേതികമായ ഘടകങ്ങൾ എന്തെല്ലാം?
2. പ്രയുക്തരചന എന്നതിനപ്പുറം തിരക്കഥയ്ക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടോ?
3. ഹേതു/കാര്യം എന്ന തർക്കശാസ്ത്രപരമായ ദ്വന്ദ്വത്തിന് അലങ്കാരകല്പനയിൽ എന്തു സ്ഥാനമാണുള്ളത്?
4. അഭിധാമൂലധ്വനി നിർവ്വചിച്ച് വിശദീകരിക്കുക.
5. 'ഉദാരത എന്ന കാവ്യഗുണത്തിന് ആധുനികകവിതയിൽ ഉദാഹരണങ്ങൾ ഏറെയുണ്ട്' - സമർത്ഥിക്കുക.
6. മുക്തച്ഛന്ദസിന് സമാനമാണ് വേഴ്സ് ലിബ്രേ (Vers Libre) - സമർത്ഥിക്കുക.
7. ആഖ്യാനത്തിന്റെ നിർവ്വചനവും ധർമ്മവുമെഴുതുക.
8. പുരുഷൻ (Person) മാധ്യമതയുടെ നിയോജകഘടകമാണോ? എന്തുകൊണ്ട്?
9. വൃത്തവും താളവും തമ്മിലുള്ള പരസ്പരബന്ധം ഉദാഹരണസഹിതം വിവരിക്കുക.
10. മാത്രാവൃത്തങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. ചമ്പുവിന്റെ രചനാപരമായ സവിശേഷതകൾ വിലയിരുത്തുക.

12. ലക്ഷണമൊത്ത നോവൽ എന്ന സങ്കല്പനത്തിന് സമകാലികസാഹിത്യത്തിൽ എന്തെങ്കിലും പ്രസക്തിയുണ്ടോ?

13. ശബ്ദാർത്ഥങ്ങളുടെ ഇടർച്ചയാണ് കവിതയിൽ സംഭവിക്കുന്നത് - നിരൂപണംചെയ്യുക.

14. സാമ്യോക്തി വിഭാഗത്തിൽപ്പെടുന്ന അലങ്കാരങ്ങളിൽ സാധാരണധർമ്മത്തിന്റെ പ്രാധാന്യമെന്ത്?

15. രൂപകവും രൂപകാതിശയോക്തിയും സാങ്കേതികമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

16. അപരിചിതീകരണം, പുരഃക്ഷേപണം എന്നീ സിദ്ധാന്തങ്ങളെ വിലയിരുത്തുക.

17. ആഖ്യാനവിജ്ഞാനത്തിൽ കഥാജനകത്തിനും (Fabula) കഥാജനിതത്തിനും (Suzhet) കൈവന്ന മാനങ്ങളെന്ത്?

18. മലയാളകാവ്യ ഗാനപാരമ്പര്യത്തിൽ വളരെ പ്രസക്തമാണ് കാകളി - സമർത്ഥിക്കുക.

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. ലക്ഷണത്തെ അടിസ്ഥാനമാക്കി നാടകസങ്കല്പത്തെ സങ്കുചിതമായി കാണുന്ന പ്രവണതയെ ദശരൂപകങ്ങളുടെ വൈവിധ്യത്തെ മുൻനിർത്തി വിലയിരുത്തുക.

20. ഊന്നൽ (Significance), സഞ്ചയം (Accumulation), വിവരണാത്മകവ്യവസ്ഥകൾ (Descriptive Systems) എന്നിവയെക്കുറിച്ചുള്ള മൈക്കേൽ റിഫറ്റേറുടെ അഭിപ്രായം ക്രോഡീകരിക്കുക.

21. നോവൽ എന്ന സാഹിത്യരൂപത്തിന്റെ സവിശേഷതകൾ മിഖായേൽ ബഖ്തിൻ വിശദീകരിക്കുന്നതെങ്ങനെ?

22. ഭാഷാവൃത്തങ്ങൾക്ക് രൂപഭേദംവരുത്തിയും നാടോടിപ്പാട്ടുകളിൽനിന്ന് മാതൃകകൾ കണ്ടെത്തിയും 20-ാം നൂറ്റാണ്ടിലെ കവിതയിൽ പ്രചാരത്തിൽവന്ന വിവധ താളക്രമങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

(2×5=10 weightage)